കെ.എസ്.എ-കെടിഎം.പി9-2117/18 തീയതി : 17.12.2018

# കോട്ടയം ജില്ലയിലെ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01/04/17മുതൽ 31/10/18 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 01.12.2018-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഷൈജു എസ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.11.2018 മുതൽ 01.12.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എം എൻ രാധാകൃഷ്ണൻ | ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ.) |

| | | |
|---|---|---|
| | | |
| | ശ്രീമതി സ്മിത ജി നായർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി അമ്പിളി യു. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി രഞ്ജു പ്രകാശ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ജെസ്സി നൈനാൻ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.പി.ജെ. ജോർജ്ജ് | 01.04.2017 മുതൽ 31.03.2018 വരെ |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി ജ്യോതി റ്റി | 01.04.2017 മുതൽ 1.11.2017 വരെ |
| | ശ്രീമതി ഗൗരി എ ആർ | 1.11.2017മുതൽ 31.03.2018വരെ |
| അസി.സെക്രട്ടറി | ശ്രീ ഹരീഷ് കുമാർ പി | 01.04.2017 മുതൽ 16.06.2017 വരെ |
| | ശ്രീമതി ഗ്രീസ പി എ | 16.06.2017 മുതൽ |

| | | |
|---|---|---|
| | | 31.03.2018വരെ |
| വെറ്ററിനറി സർജൻ | ഡോ.സുജ ജോൺ | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ . | ശ്രീ.അജിത് കുമാർ വി.എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| എൽ .വി.ഇ.ഒ. | ശ്രീമതി ഉമ എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.കാതറിൻ പ്രിമ തോമസ് | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. സുശീല സ്റ്റീഫൻ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡി.ഓഫീസർ, ഹോമിയോ. | ഡോ.റോയി സഖറിയ | 01.04.2017 മുതൽ 31.03.2018 വരെ. |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി റൈഹാനത്തുബീവി | 01.04.2017 മുതൽ 31.03.2018വരെ |
| അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി | ശ്രീമതി ബിന്ദു റ്റി.റ്റി. | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മിസ്ട്രസ് ഗവ.യു.പി.സ്കൂൾ | ശ്രീമതി.ബിന്ദു കെ.പി. | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| ഡയറി ഫാം ഇൻസ്റ്റക്ടർ | ശ്രീ.കണ്ണൻ എം.വി | 01.04.2017 മുതൽ 31.03.2018 വരെ |


ഉള്ളടക്കം

| ഖണ്ഡിക.നമ്പർ | വിഷയം |
|---|---|
| ഭാഗം 1--പൊതുഅവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യ പത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പുപദ്ധതി |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് പരിശോധന |

| | |
|---|---|
| | |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളിലെ അപാകതകൾ |
| ഭാഗം 2--വരവുകണക്കുകൾ | |
| 2-1 | ഇ ടെൻഡർ- ടെൻഡർ ഫീ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക നാളിതുവരെ ലഭിച്ചിട്ടില്ല |
| 2-2 | പെർമിറ്റ് എടുക്കാതെ നിർമ്മാണം നടത്തിയ കെട്ടിടങ്ങളുടെ ക്രമവൽക്കരണം – ഫീസ് ഈടാക്കുന്നതിൽ കുറവ് സംഭവിച്ചു |
| 2-3 | വസ്തു നികുതി – ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ ഉപയോഗക്രമം വ്യക്തമല്ല |
| 2-4 | തൊഴിൽ നികുതി പരിശോധന – അപാകതകൾ |
| 2-5 | ഡി ആന്റ് ഒ ലൈസൻസ് |
| ഭാഗം 3--ചെലവുകണക്കുകൾ | |
| 3-1 | ഉൽപ്പാദന ബോണസ് – 1815994/- രൂപ വിതരണം ചെയ്യാതെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നു |
| 3-2 | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി |

| | |
|---|---|
| 3-3 | സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ – സ്ഥാപിച്ചതിന് രേഖയില്ല |
| 3-4 | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല |
| 3-5 | ഐ എസ് ഓ സർട്ടിഫിക്കേഷന് വേണ്ടിയുള്ള പ്രവർത്തനം – പ്രോജക്ട് പൂർത്തിയാക്കിയിട്ടില്ല |
| 3-6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ പരിശോധന- അപാകതകൾ |
| 3-7 | വി.ഇ.ഒ നിർവഹണം നടത്തിയ പ്രോജക്ടുകളുടെ പരിശോധന |
| 3-8 | ടെണ്ടർ/ റീടെണ്ടർ നടപടിക്രമങ്ങൾ- നെഗോഷിയോഷന്റെ സാധ്യത പരിഗണിച്ചില്ല |
| 3-9 | ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം – നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല |
| ഭാഗം 4--പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം |
| 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |

| | |
|---|---|
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിര നിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം- 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 28.03.2017 തീയതിയിലെ I/1 -ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 14.02.18 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരവും ധനകാര്യ പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റിൽ നിന്നുള്ള വ്യതിയാനം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 64577113 | 29097579 | | 35479534 |

| | | | | |
|---|---|---|---|---|
| വരവ് | 139754627 | 59599074 | | 80155553 |
| ആകെ | 204331740 | 88696653 | | 115635087 |
| ചെലവ് | 182738160 | 77719257 | | 105018903 |
| നീക്കിയിരിപ്പ് | 21593580 | 10977396 | | 10616184 |

ബജറ്റിൽ പ്രതീക്ഷിത കണക്കുകളും യഥാർത്ഥത്തിലുള്ള കണക്കുകളും തമ്മിലുള്ള വ്യതിയാനം വളരെ കൂടുതലാണ് എന്ന് മേൽ പട്ടികയിലെ വിശകലനത്തിൽ ബോധ്യമാകുന്നു. പ്രതീക്ഷിത വരവുചെലവ് കണക്കുകൾ യഥാർഥ തുകകളുമായി വളരെയേറെ അന്തരം വന്നതിൽ നിന്നും മുൻവർഷ കണക്കുകളെ ആധാരമാക്കാതെയും ആവശ്യമായ മുന്നൊരുക്കം നടത്താതെയുമാണ് ബജറ്റ് തയ്യാക്കുന്നത് എന്ന് വ്യക്തമാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന നടപടിക്രമങ്ങൾ ബജറ്റ് തയ്യാറാക്കുന്നതിൽ പാലിക്കുന്നില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ബജറ്റ്/പുതുക്കിയ ബജറ്റ് തയ്യാറാക്കുന്നതിൽ മേൽപറഞ്ഞ നിയമപ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിക്കേണ്ടതും മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 ധനകാര്യ പത്രിക 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 9(1)-ാം വകുപ്പുപ്രകാരം ഓഡിറ്റിന് ലഭ്യമാക്കേണ്ട അവസാന തീയതി 31.07.2018 ആണ്. തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രിക പഞ്ചായത്ത് ഭരണസമിതി 11.05.18-ലെ 2(1)-ാം നം. തീരുമാന പ്രകാരം അംഗീകരിച്ച് സമയപരിധിക്കുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും പഞ്ചായത്ത് സെക്രട്ടറിയുടെ 21.05.18ലെ എ2/3236/18 നം. കത്ത് പ്രകാരം 31.05.2018 തീയതിയിൽ തപാലിലും സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരുന്നു.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക കണക്കുകളുടെ പരിശോധനയും അക്കൗണ്ട് സർട്ടിഫിക്കേഷനും 20.06.2018, 21.06.2018 തീയതികളിൽ നടത്തി. അക്കൗണ്ട് സർട്ടിഫിക്കേഷൻ റിപ്പോർട്ടും ഓഡിറ്റ് സാക്ഷ്യപത്രവും 27.06.18 ലെ കെ.എസ്.എ.-കെ.ടി.എം.പി9.1187/2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാർഷിക കണക്കുകളിലെ അപാകതകൾ ഖണ്ഡിക 1-12 ൽ നൽകിയിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

2017-18 ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവുചെലവുകൾ, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 29097579 |
| വരവ് | 59599074 |
| ആകെ | 88696653 |
| ചെലവ് | 77719257 |
| നീക്കിയിരിപ്പ് | 10977396 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 17032000 | 17032000 | 13208158 | 3823842 | 77.5 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3953584 | 3953584 | 3908100 | 45484 | 98.8 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 246899 | 246899 | 241605 | 5294 | 97.8 |
| സംരക്ഷണഗ്രാന്റ് – റോഡ് | | 678000 | 678000 | 678000 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 3762000 | 3762000 | 2510106 | 1251894 | 66.72 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 7999492 | 7999492 | 7981989 | 17503 | 99.78 |

| | | | | | | |
|---|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ്(KLGSDP) | | 2477347 | 2477347 | 2439249 | 38098 | 98.5 |
| ജനറൽ പർപ്പസ് ഫണ്ട് (ടി.എസ്.ബി.) | 16746681 | 13200005 | 29946686 | 29086948 | 859738 | 97.12 |
| സാക്ഷരത ഫണ്ട് | 2191 | 81 | 2272 | 0 | 2272 | 0 |
| MNREGS | 68492 | 1224861 | 1293353 | 1285887 | 7466 | 99.4 |
| എസ്.ബി.ഐ ടി എസ് സി | 13167 | 309673 | 322840 | 0 | 322840 | 0 |
| എസ്.ബി.ഐ SSA | 167598 | 6243 | 173841 | 0 | 173841 | 0 |
| ബി-ഫണ്ട് | 0 | 54645028 | 54645028 | 54645028 | | 100 |
| എസ്ബിഐ(തനത്) | 1197750 | 11711117 | 12908867 | 10426419 | 2482448 | 80.7 |
| ഡി.സി.ബി(തനത്) | 9733074 | 9582656 | 19315730 | 12388933 | 6926797 | 64.1 |
| ക്യാഷ്(തനത് ഫണ്ട്) | 201994 | 102558 | 304552 | 201994 | 102558 | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 252 | 177 | 75 | 70850840 | 38984749 | 55% |

2017-18 വാർഷിക പദ്ധതിക്ക് ഉത്തരവ് നം. 490/2017/DPC/DPO/KTM തീയതി

27.03.2018 പ്രകാരം അംഗീകാരം ലഭിച്ചു.

പദ്ധതി ആസൂത്രണം

വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ 28.02.2017 ലും പദ്ധതി ആസൂത്രണ ഗ്രാമസഭകൾ 5.04.2017 മുതൽ 8.04.2017 വരെയുള്ള തീയതികളിലും ഭിന്നശേഷിക്കാരുടെ ഗ്രാമസഭ 9.3.17 ലും വികസനസെമിനാർ 10.05.2017ലും കൂടിയിട്ടുണ്ട്. പട്ടിക വർഗ ഊരുകൂട്ടം 22.4.17 ലും ചേർന്നു. പഞ്ചായത്തിലെ സ്റ്റാന്റിംഗ് കമ്മിറ്റികളും പഞ്ചായത്ത് രാജ് ആക്റ്റിൽ നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ ചർച്ചചെയ്ത് തീരുമാനങ്ങൾ എടുത്ത് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകളുടെ ചെലവു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷിഓഫീസർ | 8 | 7 | 8125500 | 4026852 | 49.55 |
| വെറ്ററിനറി സർജൻ | 7 | 5 | 5331000 | 1236499 | 23.19 |
| സെക്രട്ടറി | 32 | 23 | 10041950 | 4293060 | 42.75 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 10 | 876537 | 827905 | 94.45 |
| വി.ഇ.ഒ | 19 | 19 | 8572200 | 7016765 | 81.85 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 6 | 6 | 825500 | 811099 | 98.25 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 1 | 1 | 600000 | 600000 | 100 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 2 | 130000 | 123620 | 95.09 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 9 | 6290625 | 4896768 | 77.84 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 147 | 86 | 28692028 | 14042068 | 48.94 |
| ഹെഡ് മാസ്റ്റർ | 8 | 8 | 865500 | 847781 | 97.95 |
| ഡയറിഫാം ഇൻസ്ട്രക്ടർ | 1 | 1 | 500000 | 262332 | 52.46 |
| ആകെ | 252 | 177 | 70850840 | 38984749 | 55.02 |

ആരോഗ്യമേഖലയിൽ സമഗ്രമായ മാറ്റത്തിനുതകുന്ന നിരവധി പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കി. ഫോഗിംഗ്മെഷീൻ വാങ്ങൽ, സാന്ത്വന പരിപാലന പദ്ധതിക്ക്

ഉപകരണം വാങ്ങൽ, കാർഷികമേഖലയിൽ സമഗ്ര നെൽകൃഷിവികസനം, വീട്ടുകൾ ഹരിത ഭവനമാക്കൽ, കർഷകർക്ക് കൂലിചെലവ് സബ്സിഡി നൽകൽ തുടങ്ങിയ പദ്ധതികൾ നടപ്പാക്കി. വിദ്യാഭ്യാസമേഖലയിൽ വിവിധ സ്കൂളുകളുടെ നവീകരണം, സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ് റൂമിലേക്ക് ഉപകരണങ്ങൾ, ലാബ് ഉപകരണങ്ങൾ തുടങ്ങിയ പ്രോജക്ടുകൾ നടപ്പിലാക്കി. ലഭ്യമായ ഫണ്ടുകളിൽ വികസനഫണ്ട് (റ്റി.എസ്.പി, എസ് സി പി) യുടെ ചെലവ് 94.45 ശതമാനവും അംഗീകാരം കിട്ടിയ എല്ലാ പ്രോജക്ടുകളും നടപ്പാക്കാനും ലഭ്യമാകുന്ന സർക്കാർ ധനസഹായം പൂർണ്ണമായും വിനിയോഗിക്കുന്നതിനും വേണ്ട ശ്രദ്ധ നിർവ്വഹണ ഉദ്യോഗസ്ഥർ ചെലുത്തിയിട്ടുണ്ട്.
വി ഇ ഒ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ബിന്നുകളിൽ പ്ലാസ്റ്റിക്ക് മാലിന്യം ശേഖരിക്കൽ എന്ന പ്രോജക്ട് പ്രകാരം 50ബിന്നുകൾ വാങ്ങി പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും, 3 എണ്ണം പൊതുസ്ഥലങ്ങളിലും സ്ഥാപിച്ചിട്ടുണ്ട്. ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യം ഹരിതകർമ്മസേന മുഖേന തരം തിരിച്ച് ഏറ്റുമാനൂർ ബ്ലോക്ക്പഞ്ചായത്തിന്റെ പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റിലെത്തിക്കുന്നു. ഇപ്രകാരം പ്ലാസ്റ്റിക്ക് മാലിന്യനിർമ്മാർജ്ജനത്തിന് കാര്യക്ഷമമായ സംവിധാനമുണ്ടാക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്

<u>മോണിറ്ററിംഗ് ഫലപ്രദമല്ല.</u>

ജി.ഒ.(എം.എസ്.)72/17 തസ്വഭവ തീയതി 29.03.17 ഖ.14.6 പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതുമാണ്.

പ്രോജക്ട് നിർവ്വഹണം പൂർത്തിയാകുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒരു പൂർത്തീകരണ പത്രം തയ്യാറാക്കണം. പ്രോജക്ടിന്റെ ഭൗതീക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും പൂർത്തീകരണ റിപ്പോർട്ടിൽ വ്യക്തമായി രേഖപ്പെടുത്തണം. എന്നാൽ ഇപ്രകാരമുള്ള പൂർത്തീകരണ പത്രമോ മോണിറ്ററിംഗ് റിപ്പോർട്ടോ പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. വികസനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി മേൽ വിഷയം പരിഗണിക്കേണ്ടതാണ്.

റോഡ് കണക്ടിവിറ്റി മാപ്പ്, റോഡുകളുടെ പട്ടിക എന്നിവയെ ആധാരമാക്കിയല്ല പദ്ധതി നിർവ്വഹണം നടത്തിയത്. കണക്ടിവിറ്റി ഇല്ലാത്ത റോഡ് വികസനം പാഴ്ച്ചെലവാകുന്നു.

## 1-7 <u>തൊഴിലുറപ്പുപദ്ധതി</u>

ദേശീയഗ്രാമീണതൊഴിലുറപ്പുപദ്ധതിയുടെ 2017-18 ലെ വരവുചെലവുകൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 68492 | 1060861 | 1129353 | 1121887 | 7466 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | - | 37174915 | 37174915 | 37174915 | ഇല്ല |
| | 68492 | 38235776 | 38304268 | 38296802 | 7466 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക(രൂപ) |
|---|---|---|
| തൊഴിൽരഹിത വേതനം | 109 | 96000 |
| കർഷകതൊഴിലാളി പെൻഷൻ | 1132 | 13445400 |
| വിധവാപെൻഷൻ | 758 | 9128000 |
| വാർദ്ധക്യകാലപെൻഷൻ | 1996 | 25210500 |
| വികലാംഗപെൻഷൻ | 349 | 4211400 |
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 34 | 412900 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 4 | 120000 |

## 1-9 ക്യാഷ് പരിശോധന

തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.11.2018 തീയതിയിൽ 3പി.എം.-ന് പഞ്ചായത്ത് ഫ്രണ്ട് ഓഫീസ് കാഷ്യറുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 10357/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ

കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഓഡിറ്റ് വകുപ്പ് മാന്വൽ ഭാഗം 1 അനുബന്ധം ബി യിലെ ചോദ്യാവലി അടിസ്ഥാനമാക്കി തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പരിശോധിച്ചു. ഭേദപ്പെട്ട ഒരു ആഭ്യന്തരനിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നതായി കാണുന്നു. ഭരണസമിതി കൃത്യമായ ഇടവേളകളിൽ ഓഫീസ് ജീവനക്കാരുടെ യോഗം വിളിച്ച് നിർദ്ദേശങ്ങൾ നല്കുകയും അതിൻ പ്രകാരമുള്ള ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ഓഫീസ് മേധാവി ജീവനക്കാർക്ക് ജോലികൾ കൃത്യമായി വിഭജിച്ച് നല്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ജനറൽ കമ്മിറ്റി, വിവിധസ്റ്റാന്റിംഗ് കമ്മിറ്റികൾ എന്നിവയുടെ മിനിറ്റ്സ് എഴുതി സൂക്ഷിക്കുന്നുണ്ട്.

ക്യാഷ്ബുക്ക്, ഡേബുക്ക്, ബാങ്ക് ബുക്ക് എന്നിവ പ്രതിദിനം പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. സാംഖ്യസ്റ്റേഷനറി, രസീതുബുക്കുകൾ എന്നിവയും സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നുണ്ടെങ്കിലും ക്രമരഹിതമായാണ് ഉൾപ്പെടുത്തിയിരിക്കുന്നത്

എല്ലാ ബാങ്ക് അക്കൗണ്ടുകളും സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കളക്ഷൻ തുകകൾ, പഞ്ചായത്തിൽ ലഭിക്കുന്ന ചെക്ക്/ഡി.ഡി. കൾ എന്നിവ കൃത്യ സമയത്ത് തന്നെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നുണ്ട്. പണം സ്വീകരിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും സുരക്ഷിതമായ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പണമിടപാടുകൾക്ക് മെഷീൻ പ്രിന്റ് ചെയ്ത രസീതുകൾ ഉപയോഗിക്കുന്നു. കമ്പ്യൂട്ടർ സ്റ്റേഷനറി സ്റ്റോക്കിൽ ചേർത്ത് സൂക്ഷിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസിൽ നിന്നും ലഭിക്കുന്ന എല്ലാ സേവനങ്ങൾക്കും ടോക്കൺ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്

വൗച്ചറുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ശ്രമം നടത്തിയിട്ടുണ്ട്. എന്നാൽ തൊഴിൽനികുതി, ഡി&ഒ ലൈസൻസ് എന്നിവയുടെ പരിധിയിൽ എല്ലാ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടില്ല. മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച എം.ബുക്കും ഫയലുകളും ശരിയായി സൂക്ഷിക്കുന്നുവെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല. റോഡ് രജിസ്റ്റർ റോഡ് കണക്ടിവിറ്റി മാപ്പ് എന്നിവ സൂക്ഷിക്കുന്നില്ല

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

ഗ്രാമപഞ്ചായത്ത് തനതു ഫണ്ട് ഉപയോഗിച്ചു നടത്തുന്ന എല്ലാത്തരം വാങ്ങലുകളും പ്രത്യേകം രജിസ്റ്ററുകളിൽ ചേർത്തിട്ടുണ്ടെങ്കിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ആവശ്യമായ സാക്ഷ്യപ്പെടുത്തൽ നടത്തി സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.08.2018 | 07/2018 | 9/11/18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20/10/2016-03/11/2016 | 2011-12/2015-16 | LBA(HQ)/11/8-A-252/16-17/259 തീയതി 08/12/2016 |

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/ എൽ. എസ്. ജി. ഡി. യിലെ നിർദേശങ്ങൾ പാലിച്ച് ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2. ആസ്തി/ബാധ്യതകളുടെ മൂല്യം തിട്ടപ്പെടുത്തുന്ന പ്രകിയ പൂർത്തിയായിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

3. അക്കൗണ്ടിംഗ് അനുപാതങ്ങൾ, നോട്ട് ഓൺ അക്കൗണ്ട് എന്നിവ വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിച്ചിട്ടില്ല.

4. തൻ വർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

5. ഷെഡ്യൂൾ I -17(A)- യിൽ ഡിപ്രിസിയേഷൻ നൽകിയിട്ടുണ്ടെങ്കിലും വർക് ഷീറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. ഡിപ്രിസിയേഷൻ നൽകിയിരിക്കുന്നത് 6.8.12- ലെ സ.ഉ.(കൈ) നം. 212/12/ത.സ്വ.ഭ.വ പ്രകാരമുള്ള നിരക്കിലല്ല (ഉദാ. വാഹനത്തിന് 10% നിരക്കിന് പകരം നൽകിയിരിക്കുന്നത് 2%).

6. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ B-11 ഷെഡ്യൂളിലെ ആസ്തികളുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

7. സ്റ്റേറ്റ് ഗവൺമെന്റ് സെസ്സ്/ലെവിസ്- ൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക തൻ വർഷ വസ്തുനികുതി കുടിശ്ശികയുടെ 5% വുമായി പൊരുത്തപ്പെടുന്നില്ല (6598/- രൂപയുടെ വ്യത്യാസം)

8. വസ്തു നികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ സാംഖ്യയുമായി പൊരുത്തപ്പെടുന്നില്ല.

9. തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് ഫീസ് രജിസ്റ്ററുകൾ കൃത്യമായി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ വരവ് തുകകളുടേയും അഡ്വാൻസ് കളക്ഷൻ സംബന്ധിച്ച RP-36 – ലെ തുകകളുടേയും ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

10. വാർഷിക കണക്കുകളിൽ ക്യാപിറ്റൽ വർക്- ഇൻ പ്രോഗ്രസ് എന്ന ഹെഡ്ഡിൽ ചേർത്തിരിക്കുന്ന തുക (88621/- രൂപ) അസിസ്റ്റന്റ് എഞ്ചിനീയർ ഹാജരാക്കിയ ബിൽ ബുക്ക് / സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയുമായി (368745/- രൂപ) വ്യത്യാസപ്പെട്ടിരിക്കുന്നു

11. ഡെപ്പോസിറ്റ് രജിസ്റ്റർ നിശ്ചിത മാതൃകയിൽ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വരവു വന്നതിന്റേയും നീക്കി ബാക്കി തുകകളുടേയും കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

12. ആസ്തി സൃഷ്ടിക്കുന്നതിനായി തൻ വർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയ്ന്റെനൻസ് ഗ്രാന്റ് (നോൺ- റോഡ്) തുടങ്ങിയ ഫണ്ടുകൾ ഉപയോഗിച്ച് നടത്തിയ പ്രവൃത്തികളെ അസറ്റ് ക്രിയേഷനിലേക്ക് മാറ്റിയിട്ടില്ല.

13. അഡ്വാൻസ് ടു ഇപ്ലിമെന്റിംഗ് ഓഫീസേഴ്സ് എന്ന ഹെഡിൽ (460500501) ചേർത്തിരിക്കുന്ന 87156/- രൂപ യഥാർത്ഥത്തിൽ തനത് ഫണ്ടിൽ നിന്നുള്ള ചെലവാണ്. പ്രസ്തുത തുക ക്രമീകരിച്ചിട്ടില്ല.

14. വാർഷിക കണക്ക് പ്രകാരം വികസന ഫണ്ട് (ജനറൽ) 1,30,90,783/- രൂപയും വികസന ഫണ്ട് റ്റി. എസ്. പി 2,34,105/- രൂപയുമാണ് വരവ്. എന്നാൽ സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ടി ഇനങ്ങളിലുള്ള ചെലവ് യഥാക്രമം 131,95,158/- രൂപയും 2,41,605/- രൂപയുമാണ്. വ്യത്യാസം ക്രമപ്പെടുത്തേണ്ടതാണ്.

15. ICDS സെൻട്രൽ ഷെയർ ഇനത്തിൽ രജിസ്റ്റർ പ്രകാരം 1041183/- രൂപയാണ് ബാലൻസായി കാണിച്ചിട്ടുള്ളത്. എന്നാൽ B-4 ഷെഡ്യൂൾ പ്രകാരം 1377089/- രൂപ ബാധ്യതയായി കാണിച്ചിരിക്കുന്നു.

16. B-4 ഷെഡ്യൂളിലെ 320100199 എന്ന കോഡിൽ ബാധ്യതയായി കാണിച്ചിരിക്കുന്ന 32315/- രൂപയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

17.പഞ്ചായത്ത് നൽകിയതും 03 മാസക്കാലത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ താഴെചേർക്കുന്ന ചെക്കുകൾ liability in respect of stale cheque – എന്ന ഹെഡ്ഡിലേക്ക് മാറ്റിയിട്ടില്ല.

| ക്രമ. നം | ചെക്ക് നം. | ബാങ്ക് | തിയതി | തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 24220 | SCB (തനത് ഫണ്ട്) | 23.11.17 | 2000 |
| 2 | 23857 | SCB(തനത് ഫണ്ട്) | 14.07.17 | 375 |
| 3 | 23720 | SCB (തനത് ഫണ്ട്) | 17.05.17 | 690 |
| 4 | 543498 | SBI (തനത് ഫണ്ട്) | 16.09.15 | 1200 |
| 5 | 259535 | SBI (തനത് ഫണ്ട്) | 11.06.14 | 2500 |
| 6 | 543507 | SBI (തനത് ഫണ്ട്) | 08.10.15 | 2503 |
| ആകെ | | | | 9268 |

18. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുക(ബാലൻസ് ഷീറ്റ് ബി 4 ഷെഡ്യൂൾ പ്രകാരമുള്ളത്) കൃത്യമല്ല. ബി 4 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ വിനിമയം നിരീക്ഷിക്കുന്നതിന് പ്രത്യേക അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഇ ടെൻഡർ - ടെൻഡർ ഫീ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക നാളിതുവരെ ലഭിച്ചിട്ടില്ല

5 ലക്ഷത്തിന് മുകളിലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ വഴിയാണ് നടപ്പാക്കി വരുന്നത്. ഓഡിറ്റുവർഷം ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്തുവേലകളുടെ ടെൻഡർ ഫീ കരാറുകാർ എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലാണ് അടവാക്കിയിട്ടുള്ളത്. ആയതിനാൽ ഈ ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുക എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ തന്നെ നിലനിൽക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം | പ്രോജക്ട് | ടെണ്ടർ ഫീസ് 18% | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | ആകെ ടെണ്ടർ ഫീസ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | ജിഎസ്റ്റി ഉൾപ്പെടെ | | |
| 1 | പുതുശ്ശരി തൊണ്ടമ്പാൽ ബണ്ട് റോഡ് കോൺക്രീറ്റിങ്ങ് | 1300+234 | 2 | 3068 |
| 2 | താമരശ്ശേരി കോളനി കമ്മ്യൂണിറ്റി ഹാൾ മെയിന്റനൻസ് | 1000+180 | 3 | 3540 |
| 3 | കൊച്ചുപാലം പുല്ലപാലം റോഡ് റീടാറിങ്ങ് | 1400+252 | 3 | 4956 |
| 4 | ഏഴാച്ചേരി അറുപതിൽ വയലാട്ടുശ്ശേരി റോഡ് ടാറിങ്ങ് | 1100+198 | 3 | 3894 |
| 5 | വട്ടപ്പള്ളി പതിനാലിൽപറ റോഡ് മണ്ണ് ഫില്ലിങ്ങ് | 1400+252 | 1 | 1652 |
| 6 | മാടപ്പാട്ട് കളത്തൂർ റോഡ് കോൺക്രീറ്റിങ്ങ് | 1100+138 | 4 | 4952 |

| | | | | | |
|---|---|---|---|---|---|
| | | | | | |

ചീഫ് എഞ്ചിനീയറുടെ 17-08-2017 ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും എസ്ബിഐ യിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അക്കൗണ്ട് ആരംഭിച്ച് ലിങ്ക് ചെയ്യുന്ന നടപടി പുരോഗമിക്കുന്നുണ്ട്. ടെൻഡർ ഫീ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ ഊർജിതപ്പെടുത്തേണ്ടതാണ്

## 2-2 പെർമിറ്റ് എടുക്കാതെ നിർമ്മാണം നടത്തിയ കെട്ടിടങ്ങളുടെ ക്രമവൽക്കരണം - ഫീസ് ഇടാക്കുന്നതിൽ കുറവ് സംഭവിച്ചു

തിരുവാർപ്പ് ഗ്രാമപഞ്ചായത്ത് കാറ്റഗറി I ൽ ഉൾപ്പെട്ടതിനാൽ 150m$^2$ വരെയുള്ള 'വാസഗൃഹം' എന്ന ഉപയോഗക്രമത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 2.5 രൂപയും 150m$^2$ൽ അധികമുള്ളവയ്ക്ക് ചതുരശ്രമീറ്ററിന് 5 രൂപയും, വാണിജ്യം എന്ന ഗണത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 7 രൂപയുമാണ് പെർമിറ്റ് ഫീസായി ഈടാക്കേണ്ടത്. എന്നാൽ താഴെപ്പറയുന്ന കെട്ടിട ഉടമകൾ വാണിജ്യാവശ്യത്തിനുള്ള കെട്ടിട നിർമ്മാണത്തിന് മുമ്പായി യഥാവിധി പെർമിറ്റ് വാങ്ങാതെ കെട്ടിടനിർമ്മാണം പൂർത്തിയാക്കുകയും ക്രമവൽക്കരിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുകയും ചെയ്തു. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമവൽക്കരണഫീസ് ഈടാക്കിക്കൊണ്ട് കെട്ടിടങ്ങൾ ക്രമവൽക്കരിച്ച് നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ്(ആർ.സി.)സെക്രട്ടറിയുടെ 229813/ആർ.സി.2/15 നമ്പർ കത്തിലൂടെ പെർമിറ്റ് എടുക്കാതെ പൂർണ്ണമായും ക്രമവൽക്കരിക്കുന്ന കേസുകളിൽ പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സങ്കേതം സോഫ്റ്റ്‌വെയർ മുഖേന സമർപ്പിച്ച അപേക്ഷയിൽ രാജിയാക്കൽ ഫീസും പെർമിറ്റ് ഫീസും(3 ഇരട്ടി)ഈടാക്കുന്നതിന് പകരം രാജിയാക്കൽ ഫീസ് മാത്രമാണ് പ്രസ്തുത കെട്ടിടങ്ങൾക്ക് ഈടാക്കിയിട്ടുള്ളത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പേര്,<br>വിലാസം | വിസ്തീർണ്ണം (ച.മീ) | ഉപയോഗക്രമം | ക്രമവല്കരണത്തിന് ഈടാക്കേണ്ട ഫീസ് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|
| ബിജു പി സി<br>പുത്തൻചിറ | 127.54 | വാസഗൃഹം | 127.54X7.5=956.55 | 127.54X5=637.7 | 318.85 |

| | | | | | |
|---|---|---|---|---|---|
| സനീസ് പി.പി പുത്തുപറമ്പിൽ | 73.25 | വാസഗൃഹം | 73.25x7.5=549.4 | 73.25x5=366.25 | 183.15 |
| ഇ വി ബാബു ഇരുപത്തിനാലിൽചിറ | 105.5 | വാസഗൃഹം | 105.5x7.5=791.25 | 105.5x5=527.5 | 263.7 |
| ഇബ്രാഹിം. പി കെ പുത്തൻപുര | 130.92 | വാസഗൃഹം | 130.92x7.5=981.9 | 130.92x5=654.6 | 327.3 |
| എം. ആർ സുനിൽ മുപ്പാശായിൽ | 110.44 | വാസഗൃഹം | 110x7.5=825 | 110x5=550 | 275 |
| കെ.പി ധനരായൻ കാട്ടുപുറത്ത് | 92.53 | വാസഗൃഹം | 92.53x7.5=693.9 | 92.53x5=462.7 | 231.2 |
| രാജേഷ്,പ്ളായിത്തറ | 109.7 | വാസഗൃഹം | 109.7x7.5=823.1 | 109.7x5=548.5 | 274.6 |
| അബ്ദുൾജബ്ബാസ്, പള്ളിപശംമ്പിൽ | 167.34 | വാസഗൃഹം | 167.34x15=2510.1 | 167.34x10=1673.4 | 836.7 |
| യാസ്സസ് അഹമ്മദ്,കരിമ്പിൽചിറ | 204.07 | വാണിജ്യം | 204.07x21=4285.4 | 204.07x14=2856.98 | 1428 |
| പ്രസിഡന്റ് KVVS195 | 111.6 | വാണിജ്യം | 111.6x21=2343.6 | 111.6x14=1562.4 | 781.2 |
| ബഷീർ,കരുവേലിൽ | 113.9 | വാസഗൃഹം | 113.9x7.5=854.25 | 113.9x5=569.5 | 284.75 |
| അബ്ദുൾ ജലീൽ | 98.15 | വാസഗൃഹം | 98.15x7.5=736.1 | 98.15x5=490.8 | 245.3 |
| തോമസ് സ്കറിയ | 181.27 | വാസഗൃഹം | 181.27x15=2719 | 181.27x10=1812.7 | 906.3 |
| കുഞ്ഞുമോൻ,വാലായിൽ | 198.95 | വാസഗൃഹം | 198.95x15=2984.3 | 198.95x10=1989 | 995 |
| ഷിഹാബുദീൻ&മുഹമ്മദ് മാത്യു | 133.2 | വാണിജ്യം | 133.2x21=2797.2 | 133.2x14=1864.8 | 932.4 |

| | | | | | |
|---|---|---|---|---|---|
| | | | | ആകെ | 8283.45 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.16/17-18) മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയത്തിന്മേൽ 11.11.2015ൽ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് സർക്കാർ നല്കിയ സ്പഷ്ടീകരണത്തിൽ ഒരിക്കൽ പെർമിറ്റ് എടുത്ത ശേഷം ആയതിൽ നിന്ന് വ്യതിചലിച്ച സംഗതികൾ ക്രമവത്കരിക്കുമ്പോൾ രാജിയാക്കൽ ഫീസ് മാത്രവും പെർമിറ്റെടുക്കാതെ പൂർണ്ണമായും ക്രമവത്ക്കരിക്കുന്ന കേസുകളിൽ രാജിയാക്കൽ ഫീസും പെർമിറ്റ് ഫീസും ഈടാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. പഞ്ചായത്തിന് ഫീസിനത്തിൽ ലഭിക്കുന്ന തുകയിൽ സോഫ്റ്റ്‌വെയർ അപാകം മൂലം കുറവുണ്ടാകുന്നത് സാങ്കേതിക വിഭാഗവുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതും, സോഫ്റ്റ്‌വെയർ നിലവിൽ വന്നശേഷം ക്രമവൽക്കരണകേസുകളിൽ ഈടാക്കിയ ഫീസ് പുന:പരിശോധിച്ച് കുറവ് വന്ന തുക ബന്ധപ്പെട്ട കക്ഷികളിൽ നിന്നും ഈടാക്കേണ്ടതുമാണ്.

## 2-3 വസ്തുനികുതി -ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ ഉപയോഗക്രമം വ്യക്തമല്ല

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ താഴെപറയുന്ന കെട്ടിടങ്ങളെ നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയതായി കാണുന്നു

| കെട്ടിട നം | ഉടമസ്ഥൻ | വിസ്തീർണ്ണം |
|---|---|---|
| 2/197 | സെക്രട്ടറി, മഹിളാസമാജം | 65m2 |
| 3/78 | PHED | 48m2 |
| 3/178 | മദർ സുപ്പീരിയർ, സെന്റ് ഫ്രാൻസിസ് ഭവൻ | 324m2 |
| 6/108 | ജയഭാരത മഹിളസമാജം | 107m2 |
| 8/21 | പ്രസിഡന്റ് മുജാഹിദിൻ സെന്റർ | 80m2 |
| 10/248 | DSHJ കോൺവെന്റ് | 190m2 |

| | | |
|---|---|---|
| 14/342 | K A കുര്യൻ, ലോഗോസ് ഹോം | 42m2 |
| 15/110A | പ്രസിഡന്റ്, SNDP ബ്രാഞ്ച് 276 | 37m2 |
| 16/42 | അംബേദ്കർ കമ്മ്യൂണിറ്റി ഹാൾ | 46m2 |

മേൽ പരാമർശിത കെട്ടിടങ്ങളുടെ ഫോം 6 പരിശോധിച്ചതിൽ ഇവയുടെ ഉപയോഗക്രമത്തിൽ (ക്രമ നമ്പർ 15) 'നികുതി ഉപനികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഡേറ്റാ എൻട്രി നടത്തിയപ്പോൾ ഉപയോഗക്രമം ശരിയായി രേഖപ്പെടുത്താത്തതിനാൽ നികുതി ഒഴിവാക്കിയത് നിലവിലുള്ള നിയമങ്ങൾക്കനുസരിച്ചാണോ എന്ന് പരിശോധിക്കാൻ സാധിച്ചില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം. 10/17-18) മറുപടി ലഭ്യമാക്കിയില്ല. ഉപയോഗക്രമം പരിശോധിച്ച് നിയമാനുസൃതം നികുതി ഈടാക്കേണ്ടവയാണെങ്കിൽ ഈടാക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽ വിഷയം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി പരിശോധന -അപാകതകൾ

തിരുവാർപ്പ് ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, അർദ്ധവർഷ പത്രികകൾ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1.ഒന്നാം അർദ്ധവർഷം ബ്ലോക്ക് പ്രോഗ്രാം ഓഫീസർ എസ്.എസ്.എ, കോട്ടയം വെസ്റ്റ് എന്ന സ്ഥാപനത്തിൽ നിന്നും സ്ഥാപനയുടമ സമർപ്പിച്ച തൊഴിൽ നികുതി പത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് സംഭവിച്ചതായി കാണുന്നു. വിശദവിവരം താഴെ പട്ടികയിൽ കൊടുക്കുന്നു.

| ജീവനക്കാരന്റെ പേര്, തസ്തിക | അടിസ്ഥാന ശമ്പളം | ജോലിയിൽ പ്രവേശിച്ച തീയതി | ആകെ വരുമാനം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|
| മേരി എലിസബത്ത്, IEDS Resource Teacher | 16650 | 20.05.2017 | 16650x4=66600 | 600 | 450 | 150 |

| | | | | | | |
|---|---|---|---|---|---|---|
| പ്രവീണ.പി, IEDS Resource Teacher | 16650 | 20.05.2017 | 16650x4=66600 | 600 | 450 | 150 |
| സുബിമോൾ സെബാസ്റ്റ്യൻ, IEDS Resource Teacher | 16650 | 20.05.2017 | 16650x4=66600 | 600 | 450 | 150 |
| ജൂബി എബ്രഹാം, IEDS Resource Teacher | 16650 | 20.05.2017 | 16650x4=66600 | 600 | 450 | 150 |
| സ്മിത തോമസ്, IEDS Resource Teacher | 16650 | 20.05.2017 | 16650x4=66600 | 600 | 450 | 150 |
| ബൈജു.കെ.കെ, സ്പെഷ്യലിസ്റ്റ് ടീച്ചർ | 25200 | 31.05.2017 | 25200x4=100800 | 1000 | 450 | 550 |
| അജിതാമോൾ.ഇ.വി, സ്പെഷ്യലിസ്റ്റ് ടീച്ചർ | 25200 | 31.05.2017 | 25200x4=100800 | 1000 | 450 | 550 |
| ഷാജി.പി.വൈ, സ്പെഷ്യലിസ്റ്റ് ടീച്ചർ | 25200 | 31.05.2017 | 25200x4=100800 | 1000 | 450 | 550 |
| അനിമോൾ.പി.എൻ, സ്പെഷ്യലിസ്റ്റ് ടീച്ചർ | 25200 | 31.05.2017 | 25200x4=100800 | 1000 | 450 | 550 |
| നീതു | 25200 | 31.05.2017 | 25200x4=100800 | 1000 | 450 | 550 |

| | | | | | | |
|---|---|---|---|---|---|---|
| വേണുഗോപാൽ, സ്പെഷ്യലിസ്റ്റ് ടീച്ചർ | | | | | | |
| അനിൽകുമാർ.പി.കെ സ്പെഷ്യലിസ്റ്റ് ടീച്ചർ | 25200 | 31.05.2017 | 25200x4=100800 | 1000 | 450 | 550 |
| ചിത്ര.എ.നായർ, അക്കൗണ്ടന്റ് | 19000 | 05.06.2017 | 19000x4=76000 | 750 | 300 | 450 |
| അഖിലാ രാജു.എം.ഐ.എസ് കോഡിനേറ്റർ | 23000 | 05.06.2017 | 23000x4=92000 | 750 | 450 | 300 |
| ആകെ | | | | | | 4800 |

2.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനനികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല.

| സ്ഥാപനം | ഈടാക്കാത്ത അർദ്ധവർഷം | തുക |
|---|---|---|
| അക്ഷയ ഗോൾഡ് ലോൺ | രണ്ടാം അർദ്ധവർഷം | 1250 |
| ന്യൂ ഓപ്പർച്യൂണിറ്റി | ഒന്നാം അർദ്ധവർഷം | 1250 |

3.കിളിരൂർ ദേവസ്വം ഓഫീസിൽ നിന്നും ഒന്നാം അർദ്ധവർഷം 10300/- രൂപ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും രണ്ടാം അർദ്ധവർഷം തുക ഈടാക്കിയിട്ടില്ല.

4.തിരുവാർപ്പ് പോസ്റ്റ് ഓഫീസിൽ നിന്നും ഒന്നാം അർദ്ധവർഷം 1050/- രൂപ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും രണ്ടാം അർദ്ധവർഷം തുക ഈടാക്കിയിട്ടില്ല.

5.താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

എ)തിരുവാർപ്പ് ദേവസ്വം

ബി)ചെങ്ങളം ദേവസ്വം

സി)G.N.X.T സിയറ്റ് ടയേഴ്സ്, കുമ്മനം

ഡി)സിവിൽ സപ്ലൈസ്, കിളിരൂർ

ഇ)ഇലക്ട്രിക്കൽ സെക്ഷൻ, കാഞ്ഞിരം

തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന തുകയായ 4800/- രൂപ പരാമർശിച്ചിരിക്കുന്ന വ്യക്തികളിൽ നിന്ന് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. കൂടാതെ തൊഴിൽ നികുതി ഈടാക്കാത്ത മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാൻ ആവശ്യമായ നടപടി സ്വീകരിച്ച് തുക ഈടാക്കിയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-5 ഡി ആന്റ് ഒ ലൈസൻസ്

ഡി ആന്റ് ഒ ലൈസൻസ് അപേക്ഷ പരിശോധിച്ചതിൽ, താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|
| ലിയോൺ ജെന്റ്സ് ബ്യൂട്ടിപാർലർ | 2 |
| മോൻസ് ഇവെന്റ് സെറ്റേഴ്സ് | 3 |
| ഗ്രാന്റ് ചിപ്പ് ഫുഡ് പ്രൊഡക്സ് | 3 |
| സുപ്രീം വയർ പ്രൊഡക്സ് | 2 |
| സുപ്രീം എന്റർപ്രൈസസ് | 2 |
| മീനാക്ഷി സെറ്റേഴ്സ്, ചെങ്ങളം | 2 |
| വി.എം. ട്രേഡേഴ്സ് | 2 |

| | |
|---|---|
| കായലോരം ഫിഷ്ലാൻഡ് | 2 |
| സംഗീത ഗാർമെന്റ്സ് | 3 |
| വിഘ്നേശ്വര ഗാർമെന്റ്സ്,തിരുവാർപ്പ് | 2 |
| തുണ്ടിയിൽ ടൂൾസ് & ഹാർഡ് വെയേഴ്സ് | 2 |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 19/17-18) മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഉൽപ്പാദന ബോണസ് - 1815994/- രൂപ വിതരണം ചെയ്യാതെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നു

ബിൽ നം. 50/23.3.18 പ്രകാരം 2008328/- രൂപ ഉൽപ്പാദന ബോണസ് വിതരണത്തിനായി കൃഷി ഓഫീസറുടെ എസ് ബി ഐ തിരുവാർപ്പ് ബ്രാഞ്ചിലുള്ള അക്കൗണ്ട് നം 67326112108 ൽ നൽകിയിട്ടുണ്ട്. പാസ്സ് ബുക്ക് പരിശോധിച്ചതിൽ ഈ തുക നിക്ഷേപിക്കുന്ന 23.3.2018 ൽ 537211/- രൂപ നീക്കിയിരിപ്പുണ്ട്. പാസ്സ് ബുക്ക് പ്രകാരം 12.11.2018 ലെ നീക്കിയിരിപ്പ് 1815994/- രൂപയാണ്. സർക്കാർ പണം നാഷണലൈസ്ഡ് ബാങ്കിൽ ദീർഘകാലമായി ചെലവഴിക്കാതെ സൂക്ഷിക്കുന്നത് 20.3.2017 ലെ സർക്കുലർ നം 15/2017/ഫിൻ ന്റെ ലംഘനമാണ്. ഇത് സംബന്ധമായ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/29.11.2018), പല ഗുണഭോക്താക്കളുടെയും അക്കൗണ്ട് സഹകരണ ബാങ്കിൽ ആയതിനാൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് സാധിക്കാത്തതിനാലും പ്രളയത്തെതുടർന്ന് പ്രകൃതിക്ഷോഭ ദുരിതാശ്വാസ തുക മാറി നൽകേണ്ടി വന്നതിനാലും ഉൽപ്പാദന ബോണസ് നൽകുന്നതിന് തടസ്സം നേരിട്ടതെന്ന് സെക്രട്ടറി മറുപടി നൽകി. ഉൽപ്പാദന ബോണസ് അടിയന്തിരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും അധികം അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതുമാണ്.

## 3-2 ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി

നിർവ്വഹണോദ്യോഗസ്ഥൻ- കൃഷി ഓഫീസർ

1.

| | |
|---|---|
| പ്രോജക്ട് | 163/18, ജലസേചന പമ്പ് സെറ്റ് വിതരണം |
| ചെലവ് | 97698 |

കുറഞ്ഞത് 20 സെന്റ് കൃഷിയുള്ള ചെറുകിടനാമമാത്ര കർഷകർ നേരിട്ട് പമ്പ്സെറ്റ് വാങ്ങിയതിന്റെ ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് വിലയുടെ 50% പരമാവധി 10000 രൂപ സബ്സിഡി ബാങ്ക് അക്കൗണ്ട് വഴി നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത്. മേൽ പ്രോജക്ട് പ്രകാരം 14 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ടി പ്രോജക്ടിന് 32 പേർ വിവിധ വാർഡുകളിൽ ഗുണഭോക്താക്കളായി ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ആനുകൂല്യം ലഭിച്ചതിൽ ശ്രീ. അജീഷ് പി.എസ് എന്ന വ്യക്തി ഒഴികെയുള്ളവർ പ്രസ്തുത പ്രോജക്ടിനായി ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവരാണ്.

2.

| | |
|---|---|
| പ്രോജക്ട് | 161/18,പച്ചക്കറികൃഷിക്ക് കൂലിചെലവ് |
| ചെലവ് | 70000 |

നാമമാത്ര / ചെറുകിട കർഷകർ, കർഷക ഗ്രൂപ്പുകൾ എന്നിവയ്ക്ക് പച്ചക്കറി കൃഷിചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിക്ക് ആനുപാതികമായി ഹെക്ടറിന് 7000/- രൂപവരെ കൂലിചെലവ് സബ്സിഡിയായി നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത്. മേൽ പ്രോജക്ട് പ്രകാരം 29 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ആനുകൂല്യം ലഭിച്ചവരിൽ നാലുപേർ ഒഴികെ മറ്റുള്ളവർ പ്രസ്തുത പ്രോജക്ടിനായി ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവരാണ്.

ഗുണഭോക്തൃലിസ്റ്റിൽ അർഹരായ ഗുണഭോക്താക്കൾ ഉള്ള സാഹചര്യത്തിൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (നമ്പർ 1/26.11.18) ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട വ്യക്തികൾക്ക് മാനദണ്ഡപ്രകാരമുള്ള കൃഷിഭൂമി ഇല്ലാഞ്ഞതിനാലാണ് മറ്റുള്ളവർക്ക് ആനുകൂല്യം അനുവദിച്ചതെന്നും ആനുകൂല്യം നൽകിയ നടപടി 8.11.18 ന് നടന്ന ഗ്രാമസഭയിൽ സാധൂകരണത്തിന് സമർപ്പിച്ചിട്ടുണ്ടെന്നും കൃഷി ഓഫീസർ മറുപടി നൽകി. ഗ്രാമസഭാമിനിട്ട്സ് ക്ലോസ് ചെയ്തിട്ടില്ലാത്തതിനാൽ പ്രസ്തുതനടപടിക്ക് സാധൂകരണം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3 എ സി പ്രകാരം

ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികളെ സംബന്ധിച്ച് നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡമനുസരിച്ച് മുൻഗണനാക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് നൽകുക എന്നത് ഗ്രാമസഭയുടെ അധികാരമാണ്. ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താവിന് ധനസഹായം നൽകിയ നടപടി നിയമവിരുദ്ധമാണ്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 8.12.14 ലെ 4212/എബി1/14 തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഗുണഭോക്തൃലിസ്റ്റിൽപ്പെടാത്തവർക്ക് ആനുകൂല്യങ്ങൾ നൽകുന്നുവെങ്കിൽ അതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും എന്ന് വ്യക്തമാക്കുന്നു. നിയമങ്ങൾ പാലിച്ച് നിർവ്വഹണം നടത്താൻ നിർവ്വഹണോദ്യോഗസ്ഥ ശ്രദ്ധിക്കേണ്ടതാണ്

## 3-3 സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ - സ്ഥാപിച്ചതിന് രേഖയില്ല

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

1. പ്രോജക്ട് നം. - 27/18

അടങ്കൽ - 4,00,000

ചെലവ് – 4,00,000(ബിൽ നം.23/15.01.2018)

പ്രസ്തുത പ്രോജക്ട് പ്രകാരം സ്ട്രീറ്റ് ലൈറ്റ് വിതരണം ചെയ്യുന്നതിന് കരാർ ലഭിച്ച ബ്ലൂ റേഡിയന്റ്, കായംകുളം എന്ന സ്ഥാപനത്തിന് 8.12.2017 ലെ 03/2017 നമ്പർ സപ്ലൈ ഓർഡർ പ്രകാരം ചുവടെ ചേർക്കുന്ന പ്രകാരമുള്ള ഉപകരണം വിതരണം ചെയ്യുവാൻ അനുമതി നൽകിയിരുന്നു.

| ക്രമ നം | ഐറ്റം | എണ്ണം |
|---|---|---|
| 1 | 24 വാട്ട് ഓട്ടോ ഓൺ ഓഫ് സ്ട്രീറ്റ് ലൈറ്റ് &അസസ്സറീസ് | 200 |

ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്തിട്ടുണ്ടെങ്കിലും ഇവ സ്ഥാപിച്ചത് സംബന്ധിച്ച രേഖ (ഇവ പോസ്റ്റുകളിൽ സ്ഥാപിച്ചത് സംബന്ധിച്ച കെ എസ് ഇ ബി യുടെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്) ഫയലിൽ ലഭ്യമല്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15/29.11.18) കെഎസ് ഇ ബി യിൽനിന്നും ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് വാങ്ങി ഹാജരാക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. വിനിയോഗവിവരങ്ങളുടെ അഭാവത്തിൽ മേൽ പ്രോജക്ടിനായുള്ള 400000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2. തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ- പൊതുവായ അപാകതകൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സാധനങ്ങളും സേവനങ്ങളും

സമാഹരിക്കുന്നതിനുള്ള മാർഗരേഖ (ജി.ഒ(പി) 259/2010/ത.സ്വ.ഭ.വ, 08.11.2010) പ്രകാരം വാങ്ങേണ്ടിവരുന്ന സാധനങ്ങൾ സംബന്ധിച്ച് മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ നടത്തേണ്ടതാണ് എന്നാണ്. കൂടാതെ തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച മാർഗരേഖ (സർക്കുലർ നം.3055/ഡിഎ 3/ ത.സ്വ.ഭ.വ, 15.09.2011) ഖണ്ഡിക 2.ബി പ്രകാരം, തെരുവ് വിളക്ക് അനുബന്ധ സാമഗ്രികൾ സ്ഥാപിക്കാനുദ്ദേശിക്കുന്ന പ്രദേശം തദ്ദേശഭരണ സ്ഥാപനത്തിലെയും കെ.എസ്.ഇ.ബി യിലെയും അധികൃതർ സംയുക്ത പരിശോധന നടത്തേണ്ടതും ഇവ സംബന്ധിച്ച് ടെൻഡർ രേഖകളിൽ പരാമർശിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലുള്ള തെരുവ് വിളക്കുകളുടെ വാർഡ് തലത്തിൽ ഇനം തിരിച്ചുള്ള വിവരം പഞ്ചായത്തിൽ ലഭ്യമല്ല. കൃത്യമായ ആവശ്യകത നിർണ്ണയിക്കാതെ ഉപകരണങ്ങൾ വാങ്ങുകയും വാർഡുകൾക്ക് തുല്യമായി വീതം വെച്ച് നൽകുകയുമാണ് ചെയ്യുന്നത്. തെരുവ് വിളക്കുകളുടെ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 3-4 കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് നം. 46/18 പ്രകാരം പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷനായി 265000/-രൂപ ബിൽ നം. 4/12.7.17 പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെ പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്ട് നം. 182/18 പ്രകാരം പട്ടിക വർഗ്ഗ കുടുംബങ്ങൾ താമസിക്കുന്ന പ്രദേശങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷനായി 118541/- രൂപ (രസീത് നം. 48283/21.12.17 – 90000, 48284/21.10.17 – 28541) കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ പ്രോജക്ടും ഓഡിറ്റ് തീയതി വരെ പൂർത്തീകരിച്ചിട്ടില്ല.

കേരള വാട്ടർ അതോറിറ്റിയുമായി വച്ചിട്ടുള്ള എഗ്രിമെന്റ് പ്രകാരം യഥാക്രമം 31.12.17, 31.3.18 എന്നീ തീയതികൾക്കകം പണി പൂർത്തിയാക്കേണ്ടതായിരുന്നു. കരാർ പ്രകാരം പദ്ധതി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ മേൽ പ്രോജക്ടുകൾക്കായുള്ള 383541/- രൂപയുടെ (265000 + 118541)ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 ഐ എസ് ഓ സർട്ടിഫിക്കേഷന് വേണ്ടിയുള്ള പ്രവർത്തനം - പ്രോജക്ട് പൂർത്തിയാക്കിയിട്ടില്ല- 98157 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

41/18ാം നമ്പർ പദ്ധതി പ്രകാരം ഐ എസ് ഓ സർട്ടിഫിക്കേഷന് വേണ്ടിയുള്ള പ്രവർത്തനത്തിനായി 2017-18 വർഷം 98157/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. ഐ എസ് ഓ സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള

നടപടികൾ സ്വീകരിച്ചുവരികയാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടുണ്ട്. പ്രോജക്ട് പൂർത്തീകരിക്കുന്നതു വരെ മേൽ പ്രോജക്ടിനായുള്ള 98157 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ പരിശോധന - അപാകതകൾ

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

എ) അംഗൻവാടികളിലേക്ക് ഗ്യാസ് സ്റ്റൗവ് വാങ്ങൽ

പ്രോജക്ട് നം -144/18

റോഡിതരം

അടങ്കൽ- 140000

ചെലവ്-111972

ബിൽ നം.-11/17-18

തുക-111972

തീയതി-03.03.2018

ഗ്രാമ പഞ്ചായത്തിലെ 28 അംഗൻവാടികളിൽ ഗ്യാസ് സ്റ്റൗവ് വിതരണം ചെയ്യുന്നതിനായി രൂപീകരിച്ച പ്രോജക്ടിനായി 2 ബർണ്ണറോടു കൂടിയ ഗ്ലാസ് ടോപ്പ് സ്റ്റൗവ് ലഭ്യമാക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ 'നവീൻ എക്സിം ട്രേഡ് അസോസിയേറ്റ്സ് ' എന്ന സ്ഥാപനത്തിൽ നിന്നും 3999/- രൂപ നിരക്കിലും തമ്പുരാൻ കാലായിൽ എന്ന സ്ഥാപനത്തിൽ നിന്നും 2499/-രൂപ നിരക്കിലും സാധനം ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ടെണ്ടർ അംഗീകരിച്ച് വിതരണാനുമതി നല്കിയത് കൂടിയ തുക ക്വാട്ട് ചെയ്ത നവീൻ എക്സിം ട്രേഡ് അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിനാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/29.11.2018) കുറഞ്ഞ തുക ക്വാട്ട് ചെയ്ത തമ്പുരാൻ കാലയിൽ എന്ന സ്ഥാപനം ഹാജരാക്കിയ സാമ്പിൾ ഗ്യാസ് സ്റ്റൗവിന്റെ ബർണ്ണറുകൾ ഗുണമേന്മ കുറഞ്ഞവയാണെന്ന് കമ്മറ്റി മനസ്സിലാക്കുകയും ഈ സ്ഥാപനം സമർപ്പിച്ച ഗ്യാസ് സ്റ്റൗവ് ഒഴിവാക്കുകയും നവീൻ എക്സിം ട്രേഡ് അസോസിയേറ്റ്സ്, പാലാരിവട്ടം എന്ന സ്ഥാപനം സമർപ്പിച്ച ടെണ്ടർ സ്വീകരിക്കുകയും ചെയ്തുവെന്നാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി നൽകിയത്. കമ്മിറ്റി ഗുണമേന്മ തീർച്ചപ്പെടുത്തിയതിന്റെ മാനദണ്ഡം വ്യക്തമല്ല. ഇപ്രകാരം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിന് വിതരണാനുമതി നല്കുമ്പോൾ ഈ മേഖലയിൽ പ്രാവീണ്യമുള്ള

വിദഗ്ധസമിതിയുടെ റിപ്പോർട്ട് അനിവാര്യമാണ്. പ്രൊക്യൂർമെന്റ് കമ്മിറ്റി വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ബി)വൃദ്ധർക്ക് ഉപകരണങ്ങൾ വാങ്ങൽ

പ്രോജക്ട് നം -151/18

പൊതുവിഭാഗം

അടങ്കൽ- 615000

ചെലവ്-109956

ബിൽ നം.-16/17-18

തുക-109956

തീയതി-31.03.2018

വൃദ്ധർക്ക് ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ടിനായി ടെണ്ടർ ക്ഷണിച്ചതിന് മാത്യൂ & സൺസ്, കാണക്കാരി എന്ന സ്ഥാപനത്തിൽ നിന്നും 3927/- രൂപ നിരക്കിലും തമ്പുരാൻ കാലായിൽ എന്ന സ്ഥാപനത്തിൽ നിന്നും 2499/-രൂപ നിരക്കിലും ആഞ്ഞിലി തടിയിൽ നിർമ്മിച്ച കട്ടിലുകൾ ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ടെണ്ടർ അംഗീകരിച്ച് വിതരണാനുമതി നല്കിയത് കൂടിയ തുക ക്വാട്ട് ചെയ്ത മാത്യൂ & സൺസ് കാണക്കാരി എന്ന സ്ഥാപനത്തിനാണ്. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/29.11.2018) ലഭ്യമാക്കിയ മറുപടിയിൽ പ്രൊക്യൂർമെന്റ് കമ്മറ്റി ആഞ്ഞിലി തടികൊണ്ടുള്ള കട്ടിൽ വാങ്ങുന്നതിന് തീരുമാനിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത തമ്പുരാൻ കാലായിൽ എന്ന സ്ഥാപനത്തിൽ സന്ദർശനം നടത്തിയപ്പോൾ ടി സ്ഥാപനത്തിന്റെ കട്ടിൽ ഗുണ മേന്മ കുറഞ്ഞതാണെന്നും തടിയിൽ പെയിന്റ് ചെയ്തതാണെന്നും കണ്ടെത്തി എന്നുമാണ്. കമ്മിറ്റി ഗുണമേന്മ തീർച്ചപ്പെടുത്തിയതിന്റെ അടിസ്ഥാനം വ്യക്തമല്ല. ഇപ്രകാരം തീരുമാനിക്കുമ്പോൾ ഈ മേഖലയിൽ പ്രാവീണ്യമുള്ള വിദഗ്ധ സമിതിയുടെ റിപ്പോർട്ട് അനിവാര്യമാണ്. പ്രൊക്യൂർമെന്റ് കമ്മിറ്റി, വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 വി.ഇ.ഒ നിർവഹണം നടത്തിയ പ്രോജക്ടുകളുടെ പരിശോധന

(എ) മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ

പ്രോജക്ട് നം-33/18

അടങ്കൽ-375000 (എസ്.സി.പി )

ചെലവ് തുക-337500

| ബിൽ നം. | തീയതി | തുക |
|---|---|---|
| 3/17-18 | 21.1017 | 37500 |
| 6/17-18 | 13.11.17 | 37500 |
| 11/17-18 | 24.11.17 | 37500 |
| 15/17-18 | 29.01.18 | 75000 |
| 18/17-18 | 15.02.18 | 37500 |
| 23/17-18 | 14.03.18 | 37500 |
| 26/17-18 | 21.03.17 | 37500 |
| 43/17-18 | 31.03.18 | 37500 |

മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ എന്ന പ്രോജക്ടിനായി 4ഗുണഭോക്താക്കൾക്ക് 75000/- രൂപ വീതവും ഒരു ഗുണഭോക്താവിന് 37500/-രൂപയും നല്കിയാണ് പ്രോജക്ട് നടപ്പിലാക്കിയിരിക്കുന്നത്. ആനുകൂല്യം പൂർണ്ണമായും കൈപ്പറ്റിയ താഴെപ്പറയുന്ന 4 ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പം പ്രവൃത്തിയുടെ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമല്ല.

1.ശ്രീ.രവികുമാർ, പത്തൊമ്പതിൽചിറ

2.ശ്രീ.വിജയൻ.എൻ, ഉള്ളൂപ്ര, കുമ്മനം.പി.ഒ

3.ശ്രീമതി.ലീല, പാലുത്രപത്തിൽ, കുമ്മനം.പി.ഒ

4.ശ്രീമതി.പൊന്നു ദാമോദരൻ, കളത്തുമാലി, കുമ്മനം.പി.ഒ

വാല്യൂവേഷൻ സർട്ടിഫിക്കറ്റ്/വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 300000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<u>ബി)വീട് വാസയോഗ്യമാക്കൽ</u>

പ്രോജക്ട് നം-185/18

അടങ്കൽ-1200000 (പട്ടികജാതി)

ചെലവ് തുക-1200000

| ബിൽ നം. | തീയതി | തുക |
|---|---|---|
| 2/17-18 | 21.10.17 | 300000 |
| 5/17-18 | 13.11.17 | 150000 |
| 12/17-18 | 24.11.17 | 75000 |
| 16/17-18 | 29.01.18 | 300000 |
| 19/17-18 | 15.02.18 | 75000 |
| 25/17-18 | 21.03.18 | 75000 |
| 28/17-18 | 24.03.17 | 150000 |
| 44/17-18 | 31.03.18 | 75000 |

വീട് വാസയോഗ്യമാക്കൽ എന്ന പ്രോജക്ടിനായി 8ഗുണഭോക്താക്കൾക്ക് 150000/- രൂപ വീതം നല്കിയാണ് പ്രോജക്ട് നടപ്പിലാക്കിയിരിക്കുന്നത്. ആനുകൂല്യം കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പം പ്രവൃത്തിയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് എൽ.എസ്.ജി.ഡി എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1.ശ്രീമതി.വത്സമ്മ രാജു ,പത്തൊമ്പതിൽചിറ

2.ശ്രീമതി.രാജമ്മ, കൈതക്കേരിയിൽ, തിരുവാർപ്പ്

3.ശ്രീമതി.തങ്കമ്മ, മാഞ്ഞൂറയിൽ

4.ശ്രീ.കെ.ആർ.പ്രകാശൻ, കണ്ടൻകേരിയിൽ, ചെങ്ങളം

5.ശ്രീ.എൻ.ജി. ഗോപാലൻ, വേലംപറമ്പിൽ, ചെങ്ങളം സൗത്ത്

6.ശ്രീ.അനിമോൻ.ഡി, മാമ്പളയിൽ, കിളിരൂർ

7.ശ്രീ.കെ.കെ.വാസവൻ, അറുപറയിൽ, കാഞ്ഞിരം

8.ശ്രീ.പി.കെ.സുഗുണൻ, പതിനാറിൽചിറ

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/30.11.18) ലഭ്യമാക്കിയ മറുപടിയിൽ രേഖകൾ ലഭ്യമാക്കുന്നതാണെന്ന് നിർവഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മറുപടി നൽകി. വാല്യുവേഷൻ സർട്ടിഫിക്കറ്റ്, വിനിയോഗരേഖകൾ എന്നിവയുടെ അഭാവത്തിൽ മേൽ പ്രോജക്ടിനായുള്ള 1200000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-8** ടെണ്ടർ/റീടെണ്ടർ നടപടിക്രമങ്ങൾ- നെഗോഷിയേഷന്റെ സാധ്യത പരിഗണിച്ചില്ല

ടെണ്ടർ ചെയ്ത മരാമത്ത് പ്രവർത്തികളിൽ സിംഗിൾ ടെണ്ടർ ലഭിച്ചവ റീടെണ്ടർ ചെയ്തിരുന്നു. റീടെണ്ടർ നടത്തിയപ്പോഴും മിക്ക പ്രവൃത്തികൾക്കും വീണ്ടും സിംഗിൾ ടെണ്ടറാണ് ലഭിച്ചത്. ആദ്യം ടെണ്ടർ സമർപ്പിച്ച കരാറുകാരൻ തന്നെ റീടെണ്ടർ വേളയിൽ നിരക്ക് കൂട്ടി ക്വോട്ട് ചെയ്യുകയും റീടെണ്ടർ ആയതിനാൽ പ്രസ്തുത നിരക്ക് അംഗീകരിക്കുകയും പ്രവൃത്തി കരാറുകാരനെ ഏൽപ്പിക്കുകയും ചെയ്തു. കരാറുകാരനുമായി നെഗോഷ്യേറ്റ് ചെയ്യാത്തതിനാൽ പഞ്ചായത്തിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രോജക്ട് | കരാറുകാരൻ | പി എ സി | ടെണ്ടർ നടത്തിയപ്പോൾ ക്വോട്ട് ചെയ്ത നിരക്ക് | റീടെണ്ടർ നടത്തിയപ്പോൾ കോട്ട് ചെയ്ത നിരക്ക് |
|---|---|---|---|---|
| 208/18കൊച്ചുവീട്ടിൽ ഇടത്തിനകം റോഡ് സംരക്ഷണഭിത്തി നിർമ്മാണം | റോബി സേവ്യർ | 391252 | 11% below | Estimate rate |
| 54/18മുണ്ടുചിറയ്ക്കൽ റോഡ് മണ്ണിട്ടുയർത്തൽ,കോൺക്രീറ്റിങ്ങ് | കൃഷ്ണകുമാർ | 81569 | 11%below | .014% below |
| 29/18SNDP പുതിയപാറ റോഡ് കോൺക്രീറ്റിങ്ങ് | കൃഷ്ണകുമാർ | 117911 | 11%below | .014% below |

| | | | | |
|---|---|---|---|---|
| 143/18അന്നമ്മശ്ശേരി വൈക്കത്ത് റോഡ് കോൺക്രീറ്റിങ്ങ് | കൃഷ്ണകുമാർ | 136307 | 11%below | .01%below |
| 24/18 മിഥുനംകേരി കോളനിറോഡ് കോൺക്രീറ്റിങ്ങ് | കൃഷ്ണകുമാർ | 90757 | 11.2%below | .014%below |
| 55/18 തോരണം കൊട്ടയ്ക്കാട്ട് ഇരുപതിൽറോഡ് കോൺക്രീറ്റിങ്ങ് | കൃഷ്ണകുമാർ | 77043 | 11%below | .014% below |

ഇത്തരത്തിൽ ഒരേ കരാറുകാരൻ തന്നെ റീടെണ്ടർ വേളയിൽ കൂടിയ നിരക്ക് സമർപ്പിച്ചപ്പോൾ നെഗോഷ്യേഷന്റെ സാധ്യത പരിഗണിക്കാത്തതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേക്ഷണക്കുറിപ്പിന് (നമ്പർ 7/28.11.18) നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരൻ നെഗോഷ്യേറ്റ് ചെയ്യാൻ തയ്യാറാകാത്തതിനാലാണ് പ്രവൃത്തി ഏൽപ്പിച്ചതെന്ന് മറുപടി ലഭ്യമാക്കി. കരാറുകാരനുമായി ചർച്ച ചെയ്തതിന്റെ വിവരം, പഞ്ചായത്ത് കമ്മിറ്റി തീരുമാനം എന്നിവ ലഭ്യമാക്കിയില്ല. പൊതുപണം കൈകാര്യം ചെയ്യുമ്പോൾ മിതത്വം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

വികസനകാര്യസ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധ ഇത്തരം വിഷയങ്ങളിൽ ഉണ്ടാകേണ്ടതും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്

## 3-9 ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ്നം | 195/18അങ്കണവാടി 110 അറ്റകുറ്റപ്പണി |
| അടങ്കൽ | 130000 |
| ചെലവ് | 103612 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| കരാർ നം | 46/AE/LSGD/TVP/17-18 dt19-01-18 |
| കൺവീനർ | ഷൈലജ |

ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തി നടത്തുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കാതെയാണ് മേൽ പ്രോജക്റ്റ് നടപ്പാക്കിയത്.

മേൽ പ്രവൃത്തിക്ക് വാങ്ങിയ സാധനങ്ങളുടെ ബില്ലുകൾ നിയോഗിച്ച തൊഴിലാളികളുടെ വേതനം, വിതരണ രേഖകൾ മസ്റ്റർ റോൾ എന്നിവ കൺവീനർ തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഫയലിനൊപ്പം സൂക്ഷിച്ചിട്ടുള്ള ബില്ലുകൾ, വൗച്ചറുകൾ, മസ്റ്റർ റോൾ എന്നിവ പ്രോജക്ട് അംഗീകാരം ലഭിക്കുന്നതിന് മുമ്പുള്ളതാണ്.

ഗുണഭോക്തൃസമിതിയ്ക്ക് പണം നൽകുന്നത്, അവർക്കുള്ള യഥാർത്ഥ ചെലവോ കരാർപ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതായിരിക്കേണ്ടതാണ്. ആയത് പരിശോധിക്കാതെ തുക നൽകിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം. 5/28.11.2018) പ്രോജക്ട് പാസ്സാക്കുന്നതിന് മുമ്പ് കെട്ടിടത്തിന്റെ മേൽക്കൂര പൊളിച്ച് മാറ്റി പുനർനിർണ്ണയിക്കേണ്ടി വന്നതിനാൽ അന്നത്തെ ബില്ലുകളാണ് ഉൾപ്പെടുത്തിയതെന്ന് അസി. എഞ്ചിനീയർ മറുപടി നൽകി. പ്രോജക്ട് അംഗീകാരത്തിനു മുമ്പുള്ള തീയതിയിലെ ബില്ലുകളുടെ അടിസ്ഥാനത്തിൽ ചെലവ് ചെയ്യുക എന്നത് പദ്ധതി / ഗുണഭോക്തൃസമിതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. മാർഗ്ഗരേഖ പാലിച്ച് നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

ഗ്രാമപഞ്ചായത്തിന് 2017-18 വർഷം സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര്(പ്രോജക്ട് നം.) | ലഭിച്ച തുക | തുക ലഭിച്ച തീയതി | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും സ്കോളർഷിപ്പ്(7/18) | 250000 | 28.10.2017 | 250000 | ഇല്ല |
| | പാലിന് സബ്സിഡി(71/18) | 350000- | 30.10.2017 | 112332 | 237668 |

| | | | | | |
|---|---|---|---|---|---|
| | പാലിയേറ്റീവ് കെയർ യൂണിറ്റിന് അധികസൗകര്യം ഒരുക്കൽ(214/18) | 400000 | 09.02.2018 | 0 | 400000 |
| | ആകെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1000000 | - | 362332 | 637668 |
| കോട്ടയം ജില്ല പഞ്ചായത്ത് | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും സ്കോളർഷിപ്പ് (7/18) | 250000 | 30.03.2018 | 250000 | ഇല്ല |
| | പട്ടികജാതിയിൽപെട്ട നെൽകർഷകർക്ക് കൂലിചെലവ് സബ്സിഡി(162/18) | 409000 | 27.03.2018 | 409000 | ഇല്ല |
| | ആകെ ജില്ലാപഞ്ചായത്ത് വിഹിതം | 659000 | - | 659000 | - |

പഞ്ചായത്തിന് സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന ഫണ്ട് വിനിയോഗം നിരീക്ഷിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ(ACR) സൂക്ഷിക്കുന്നില്ല. സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിയോഗ വിശദാംശത്തിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് വാട്ടർ അതോറിറ്റിയിൽ 383541 രൂപ നിക്ഷേപിച്ചിട്ടുണ്ട്. ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിക്ഷേപിച്ച ഫണ്ടിന്റെ വിനിമയത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്/പ്രോജക്ട് നം. | നിക്ഷേപിച്ച തുക | നിക്ഷേപിച്ച തീയതി | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കേരള ജല അതോറിറ്റി | പഞ്ചായത്തിന്റെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (46/18) | 265000 | 12.07.2017 | ഇല്ല | 265000 |

| | | | | | |
|---|---|---|---|---|---|
| | കാഞ്ഞിരമറ്റം കോളനി കുടിവെള്ള പദ്ധതി(239/18) | 118541 | 21.12.17 | ഇല്ല | 118541 |
| ആകെ | | 383541 | | - | 383541 |

നിക്ഷേപ പ്രവൃത്തികൾക്ക് വിനിയോഗ സാക്ഷ്യപത്രം 31.03.2018 വരെ ലഭിച്ചിട്ടില്ല എന്നതിനാൽ പ്രസ്തുത തുകകൾ ഡെപ്പോസിറ്റ് ശീർഷകങ്ങളിൽ ബാലൻസ് ഷീറ്റിൽ അവശേഷിക്കുന്നു.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

2017-18 വർഷം പഞ്ചായത്ത് ഫണ്ടിലേക്ക് വായ്പയിനത്തിൽ തുക എടുത്തിട്ടില്ല. ഈയിനത്തിൽ തിരിച്ചടവും ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങളില്ല.

## 4-6 ഓഡിറ്റ് റിക്കവറി

2017-18 വാർഷിക കണക്കുകൾ പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം പഞ്ചായത്ത് ഫണ്ടിലേക്ക് തുകയൊന്നും അടവാക്കിയിട്ടില്ല. പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഓഡിറ്റ് റിക്കവറി രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികയിലെ നിർദ്ദേശപ്രകാരം അടവാക്കുന്ന തുകയുടെ വിശദാംശങ്ങൾ (ഖണ്ഡിക നം., ഓഡിറ്റ് വർഷം, തുക ഒടുക്കിയ വ്യക്തി/സ്ഥാപനത്തിന്റെ പേര്, തുക ഒടുക്കിയ രസീത് നം./തീയതി തുടങ്ങിയവ) പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ

ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 16-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 എന്നിവ പ്രകാരമുള്ള ചാർജ്-സർച്ചാർജ് നടപടികൾ നിലവിൽ തുടരുന്ന ഖണ്ഡികകൾ ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | 88696653 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 77719257 |
| വരവിനങ്ങളിലുള്ള നഷ്ടം | 13083 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2381698 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 8283 | | ശ്രീ പി.ജെ. ജോർജ്ജ്, സെക്രട്ടറി |
| 2-4 | 4800 | | ശ്രീ പി.ജെ. ജോർജ്ജ്, സെക്രട്ടറി |
| ആകെ | 13083 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3(1) | 400000 | ശ്രീ പി.ജെ. ജോർജ്ജ്, സെക്രട്ടറി |

| | | |
|---|---|---|
| 3-4 | 383541 | ശ്രീ പി.ജെ. ജോർജ്ജ്, സെക്രട്ടറി |
| 3-5 | 98157 | ശ്രീ പി.ജെ. ജോർജ്ജ്, സെക്രട്ടറി |
| 3-7(എ) | 300000 | ശ്രീ അജിത് കുമാർ വി എസ്. വി.ഇ.ഒ |
| 3-7(ബി) | 1200000 | ശ്രീ അജിത് കുമാർ വി എസ്. വി.ഇ.ഒ |
| ആകെ | 2381698 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 ചെലവ് | നം.എൽ.എഫ്.കെ.പി.10/538(3)അദാ/14/29.11.14 |
| 1998-99 ചെലവ് | നം.എൽ.എഫ്.കെ.പി6/1149/07/8.2.08 |
| 1998-99 വരവ് | നം.എൽ.എഫ്.കെ.പി.6/280/12.01.09/2.2.09 |
| 1999-2000 ചെലവ് | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.18/ 55(2)18/30.1.2018 |

| | |
|---|---|
| 1999-2000 വരവ് | നം.എൽ.എഫ്.കെ.പി6/281/08/12.01.09/2.2.09 |
| 2000-2001 | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.18/55(3)18/ 30.1.2018 |
| 2000-01, 2001-02 പ്ലാൻ | നം.കെ.എസ്.എ.കെ.റ്റി.എം.പി10/538/14/21.10.15 |
| 2001-02 | നം.കെ.എസ്.എ.കെ.റ്റി.എം.പി19/(അദാ.18/55(4)18/ 30.1.2018 |
| 2002-03 ചെലവ് | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.18/55(5)18/ 16.2.2018 |
| 2002-03 വരവ് | നം.എൽ.എഫ്.കെ.പി1/960/അദാ എച്ച്.2011(2)/ 22.08.11 |
| 2003-04 വരവ് | നം.എൽ.എഫ്.കെ.പി.6/1132/09/27.6.12 |
| 2004-05 | നം.കെ.എസ്.എ.കെ.റ്റി.എം.പി9/(അദാ.18/55(7)18/ 16.02.2018 |
| 2005-06 | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.18/55(8)18/ 30.1.2018 |
| 2006-07 | നം.കെ.എസ്.എ.കെ.റ്റി.എം.പി.9(അദാ.18/55(9)18/ |

| | |
|---|---|
| | 30.1.2018 |
| 2007-08 | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.18/55(10)18/ 30.1.2018 |
| 2008-09 | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.18/55(11)18/ 29.1.2018 |
| 2009-10 | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.18/55(12)18/ 29.1.2018 |
| 2010-11, 11-12 | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.18/55(13)18/ 29.1.2018 |
| 2012-13 | നം.എൽ.എഫ്.കെ.പി.10/33/15/ 18.4.15 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി9/(അദാ.18/55(13)18/ 29.1.2018 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി10/17/17/1.6.17 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി9/410/18/ 7.3.2018 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി9/408/18/ 7.3.2018 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-കെ.ടി.എം.പി9/2117/2018 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 17.12.2018

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക

പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം